"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - കോമൺപൂൾ ലൈബ്രറി സർവ്വീസ് - ജീവനക്കാര്യം - ശ്രീമതി നിഷ വി. -യ്ക്ക് കോമൺപൂൾ ലൈബ്രറി സർവ്വീസിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ പ്രവേശിക്കുന്നതിന് പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1509/2025/HEDN തീയതി,തിരുവനന്തപുരം, 26-11-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.15/2020/ഉ.ഭ.പ.വ. തീയതി 28/10/2020.
2. സ.ഉ.(കൈ) നം.732/2025/എച്ച്.ഇഡിഎൻ. തീയതി 01/11/2025.
3. ശ്രീമതി നിഷ വി-യുടെ 14/11/2025 തീയതിയിലെ അപേക്ഷ.
4. പുനലൂർ നഗരസഭാ സെക്രട്ടറിയുടെ 14/11/2025 തീയതിയിലെ ജി.1-5928124/2025 നമ്പർ കത്ത്.

**ഉത്തരവ്**

കോമൺപൂൾ ലൈബ്രറി സർവ്വീസിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ പരാമർശം (2) ഉത്തരവ് മുഖേന ശ്രീമതി നിഷ വി. -യ്ക്ക് നിയമനം നൽകി വയനാട് മാനന്തവാടി ഗവ. കോളേജിൽ നിയമിക്കുകയുണ്ടായി.

2) നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ല പുനലൂർ മുൻസിപ്പൽ ഓഫീസിൽ ജോലി ചെയ്തു വരുന്ന ശ്രീമതി നിഷ വി.യ്ക്ക് പ്രസ്തുത വകുപ്പിൽ നിന്നും വിടുതൽ ഉത്തരവ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പുനലൂർ നഗരസഭ സെക്രട്ടറി പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം കോമൺപൂൾ ലൈബ്രറി സർവ്വീസിൽ ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി നിഷ വി.-യ്ക്ക് കേരള കോമൺപൂൾ ലൈബ്രറി സർവ്വീസ് ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള പ്രവേശന കാലാവധി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3(ii)-ലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പരാമർശം (2) നിയമന ഉത്തരവ് തീയതിയായ 01/11/2025 മുതൽ 45 ദിവസം വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

HARILAL T N

ജോയിന്റ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പാൾ, ഗവ. കോളേജ്, മാനന്തവാടി, വയനാട്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പുനലൂർ നഗരസഭ, കൊല്ലം.
ശ്രീമതി നിഷ വി. (പുനലൂർ നഗരസഭാ സെക്രട്ടറി മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
www.highereducaion.kerala.gov.in.
കരുതൽ ഫയൽ [HEDN-A3/116/2025-HEDN]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.